## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2545** **15-10-2024 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ഇ.ബി.യിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ എഞ്ചിനീയർമാരുടെയും വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും എത്ര ഒഴിവുകൾ നിലനിൽക്കുന്നുണ്ട്; പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് ഊർജ്ജ വകുപ്പിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി ഒരു കമ്മിറ്റി കെ.എസ്.ഇ.ബി ലിമിറ്റഡ് രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധ തലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ റീ-സ്ട്രക്ച്ചറിംഗ് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലെ ഒഴിവുകൾ കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും. |
| (ബി) | റീ സ്ട്രക്ച്ചറിങ് കാരണം ഈ ഒഴിവുകൾ നികത്തുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് ഊർജ്ജ വകുപ്പിന്റെ 19.01.2024 തീയതിയിലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി ഒരു കമ്മിറ്റി കെ.എസ്.ഇ.ബി ലിമിറ്റഡ് രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി മേൽ വിഷയത്തിൻമേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധ തലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ റീ-സ്ട്രക്ച്ചറിംഗ് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലെ |

| | | | |
|---|---|---|---|
| | | | ഒഴിവുകൾ കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ